(ബി) ആഭ്യന്തര ഉൽപ്പാദനത്തിനുവേണ്ടി ബോർഡിന്റെ 1999-2000 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 236.07 കോടി രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

(സി) 1999-2000-ാമാണ്ടിലെ വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വൈദ്യുത ബോർഡിന്റെ നഷ്ടം 52.66 കോടി രൂപയായിട്ടാണ് കണക്കാക്കിയിരുന്നത്. ഈ വർഷം അധിക വരുമാനമായി 518.31 കോടി രൂപ 1999-2000-ത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് ഈ നഷ്ടം കണക്കാക്കിയിട്ടുള്ളത്. എന്നാൽ താരിഫ് വർദ്ധനവുമൂലം ഏകദേശം 462 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. അതുകൊണ്ട് നഷ്ടം അതിനനുസരിച്ച് കൂടുന്നതാണ്.

(ഡി) 1997-98-ലെ താൽക്കാലിക കണക്കനുസരിച്ച് ജല വൈദ്യുതിയുടെ ഉൽപാദന ചെലവ് (ജനറേഷൻ) യൂണിറ്റ് ഒന്നിന് 19.49 പൈസയാണ്. 1997-98-ലെ താൽക്കാലിക കണക്കനുസരിച്ച് താപ വൈദ്യുതി കൂടി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയശേഷം ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപാദന ചെലവ് 32.95 പൈസയാണ്.

146 (1690) വൈദ്യുതി ബോർഡിന്റെ നഷ്ടം

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 1998-99 വർഷത്തെ നഷ്ടം എത്ര കോടി രൂപയാണ്;

(ബി) 1996-97, 1997-98 വർഷങ്ങളിലെ നഷ്ടം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 1991 മുതൽ 1996 വരെയുള്ള വർഷങ്ങളിൽ സംസ്ഥാന വൈദ്യുതി ബോർഡ് ലാഭകരമായിട്ടാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ ലാഭം എത്ര കോടിയായിരുന്നു; നഷ്ടമെങ്കിൽ എത്ര കോടി; വിശദീകരിക്കുമോ;

(ഡി) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് തുടർച്ചയായി നഷ്ടത്തിലാകുവാനുള്ള കാരണങ്ങളെപ്പറ്റി ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 1998-99 വർഷത്തെ വാർഷിക കണക്ക് പൂർത്തിയായിട്ടില്ല. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1998-99-ലെ ബോർഡിന്റെ നഷ്ടം 160.22 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) 1996-97-ലെ ബോർഡിന്റെ വാർഷിക കണക്കിൽ 23.99 കോടി രൂപയും 1997-98-ലെ ബോർഡിന്റെ ആഡിറ്റിന് വിധേയമാകാത്ത വാർഷിക കണക്ക് പ്രകാരം 24.62 കോടി രൂപയും ലാഭമായി കാണിച്ചിട്ടുണ്ട്. ഈ തുക ലാഭമായി കാണിച്ചിരുന്നത് സംസ്ഥാന സർക്കാരിൽ നിന്നും സബ്സിഡിയായി 1996-97-ൽ 278.02 കോടി രൂപയും 1997-98-ൽ 309.67 കോടി രൂപയും ലഭ്യമാകുമെന്ന് കണക്കിലെടുത്തുകൊണ്ടാണ്. എന്നാൽ 1996-97-ൽ

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി ഇനത്തിൽ ലഭ്യമായ 31.5 കോടി രൂപ ഒഴിച്ച് മറ്റു തുകകളൊന്നും തന്നെ ബോർഡിന് സബ്സിഡിയായി ലഭിച്ചിട്ടില്ല. ബോർഡിന് ലഭിക്കേണ്ട സബ്സിഡി തുക ഒഴിവാക്കിയാൽ ഉണ്ടാകുന്ന നഷ്ടം ഓരോ വർഷവും ചുവടെ ചേർക്കുന്നു.

വർഷം	നഷ്ടം
1996-97	222.53 കോടി രൂപ
1997-98	285.05 കോടി രൂപ

(സി) 1991-92 മുതൽ 1995-96 വരെയുള്ള ബോർഡിന്റെ വാർഷിക കണക്കുകൾ പ്രകാരം ബോർഡിനുണ്ടായ ലാഭനഷ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലാഭം	നഷ്ടം
1991-92		35.67 കോടി രൂപ
1992-93	18.42 കോടി രൂപ	
1993-94	24.12 കോടി രൂപ	
1994-95	21.80 കോടി രൂപ	
1995-96	22.76 കോടി രൂപ	

1994-95-ൽ 8.56 കോടി രൂപയും, 1995-96-ൽ 58.3 കോടി രൂപയും സബ്സിഡി ഇനത്തിൽ ലഭ്യമാകുമെന്നുള്ള നിഗമനത്തിലാണ് മേൽപ്പറഞ്ഞ ലാഭം കണക്കാക്കിയിരുന്നത്.

(ഡി) സർക്കാർ തലത്തിൽ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

147 (1691) വൈദ്യുതി ബോർഡിന്റെ വിദേശ കടം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.എ. ചന്ദ്രൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ക്ക് 1999 ജൂൺ 15 വരെയുള്ള കാലയളവിൽ എത്ര കോടി രൂപയുടെ വിദേശനാണ്യ കടം ഉണ്ട്;

(ബി) ഏതൊക്കെ ഇനങ്ങളിൽ ഏതൊക്കെ പദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമാണ് കടമെടുത്തിരിക്കുന്നത്; ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവ ഓരോന്നും തിരിച്ചടയ്ക്കേണ്ട രീതിയും കാലാവധിയും വ്യക്തമാക്കുമോ;

(ഡി) ഈ കടങ്ങളുടെ കാലാവധി തീരുന്നതുവരെ ഓരോ മാസവും വർഷവും ഓരോ ഇനത്തിലും തിരിച്ചുനൽകേണ്ട തുകയും പലിശയും എത്ര വീതം എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly